**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 715** **28-01-2026 - ൽ മറുപടിയ്ക്ക്**

**ഹൈഡൽ ടൂറിസം സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന അണക്കെട്ടുകളുമായും ജലാശയങ്ങളുമായും ബന്ധപ്പെട്ട പ്രദേശങ്ങൾ വിനോദസഞ്ചാര യോഗ്യമാക്കുന്നതിന് രൂപീകരിച്ച കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്.<br><br>നിരവധി വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഹൈഡൽ ടൂറിസം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇടുക്കി ജില്ലയിൽ മൂന്നാർ ഹൈഡൽ പാർക്ക്, മാട്ടുപെട്ടി സൺമൂൺ വാലി ബോട്ടിംഗ് സെന്റർ, എക്കോപോയിന്റ് പെഡൽ ബോട്ടിംഗ് സെന്റർ , മാട്ടുപെട്ടി ഡാംസൈഡ് പെഡൽ ബോട്ടിംഗ് സെന്റർ, കുണ്ടള ടൗട്ട് ലഗൂൺ പെഡൽ ആൻഡ് റോ ബോട്ടിംഗ് സെന്റർ, ശെങ്കുളം ഡ്യൂ വാലി ബോട്ടിംഗ് സെന്റർ ആനയിറങ്കൽ ബോട്ടിംഗ് സെന്റർ (നിലവിൽ ബഹു ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബോട്ടിംഗ് നിർത്തി വച്ചിരിക്കുന്നു) നാടുകാണി വ്യൂപോയിന്റ്, ഇടുക്കി ചെറുതോണി ഡാം സന്ദർശനം, വയനാട് ജില്ലയിൽ ബാണാസുരസാഗർ ബോട്ടിങ്ങും മറ്റ് അനുബന്ധ ടൂറിസം പ്രവർത്തനങ്ങളും, കോഴിക്കോട് ജില്ലയിൽ കക്കയം ഡാമിൽ ബോട്ടിങ്ങും മറ്റ് അനുബന്ധ ടൂറിസം പ്രവർത്തനങ്ങളും, മലപ്പുറം ജില്ലയിൽ ആടിയൻപാറയിൽ ടൂറിസം സെന്ററിൽ ചിൽഡ്രൻസ് പാർക്കും കെ.എസ്.ഇ.ബി. പവർ ഹൗസ് സന്ദർശനം എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. 2024-25 സാമ്പത്തിക വർഷത്തിൽ ഹൈഡൽ ടൂറിസം സെന്ററുകളിൽ 23,88,870 പേർ സന്ദർശിക്കുകയും വരുമാനമായി 23,48,91,000/-രൂപയും ലഭിച്ചിട്ടുണ്ട്. |
| (ബി) | ഹൈഡൽ ടൂറിസം സെന്ററിന് വിനോദസഞ്ചാര ഭൂപടത്തിൽ സുപ്രധാന സ്ഥാനം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കഴിഞ്ഞിട്ടുണ്ട്.<br><br>വിനോദ സഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രമായ മൂന്നാറിൽ ഹൈഡൽ ഏഴ് സെന്ററുകളിൽ വിനോദസഞ്ചാരികൾക്ക് |

| | | | |
|---|---|---|---|
| | | | ഉല്ലസിക്കുന്നതിനാവശ്യമായ സ്പീഡ്ബോട്ടിംഗ്, പെഡൽബോട്ടിംഗ്, കാശ്മീരിശിക്കാര, റോബോട്ടിംഗ്, പെഡൽബോട്ടിംഗ് കഫറ്റേരിയ, പൂന്തോട്ടങ്ങൾ, കോട്ടേജുകൾ, അമ്യൂസ്മെന്റ് പാർക്കുകൾ, ബിയർ ആൻഡ് വൈൻ പാർലർ, ടോയ്‌ലറ്റുകൾ, സ്നാക്ക്സ് ബാർ, മിൽമ പാർലർ എന്നിവയും വയനാട് ജില്ലയിലെ ബാണാസുര സാഗർ ഡാമിൽ സ്പീഡ് ബോട്ടിംഗ്, കയാക്കിങ്, സിപ് ലൈൻ, മിൽമ കൗണ്ടർ, അമ്യൂസ്മെന്റ് പാർക്ക്, കഫറ്റേരിയ, ടോയ്‌ലറ്റ്, പൂന്തോട്ടങ്ങൾ, സ്നാക്ക്സ് പാർക്ക് തുടങ്ങിയവയും കോഴിക്കോട് ജില്ലയിലെ കക്കയം ഡാമിൽ സ്പീഡ് ബോട്ടിംഗ്, സ്നാക്ക്സ് ബാർ, പൂന്തോട്ടങ്ങൾ, ചിൽഡ്രൻസ് പാർക്ക്, ടോയ്‌ലറ്റ് തുടങ്ങിയ സൗകര്യങ്ങൾ എർപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ-ന്റെ അണക്കെട്ടുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ടൂറിസം പദ്ധതികൾ സഞ്ചാരികൾക്ക് വേറിട്ടൊരു അനുഭവമായതിനാൽ ഹൈഡൽ ടൂറിസത്തിന് വിനോദസഞ്ചാര മേഖലയിൽ സുപ്രധാന സ്ഥാനം നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഹൈഡൽ ടൂറിസത്തെ നവീകരിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (സി) | ഹൈഡൽ ടൂറിസം സെന്ററുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ മൂന്നാറിൽ ഹൈഡൽ പാർക്കിൽ പ്രവേശന കവാടത്തിൽ ആർച്ച്, പാർക്കിംഗ് ഗ്രൗണ്ട്, അത്യാധുനിക ടോയ്‌ലറ്റ് ബ്ലോക്ക്, മ്യൂസിക്കൽ ഫൗണ്ടൻ, മനോഹരമായ പൂന്തോട്ടം മാട്ടുപെട്ടിയിൽ പാർക്കിംഗ് ഗ്രൗണ്ട്, ബഗ്ഗി കാർ റോഡ്, അത്യാധുനിക ടോയ്‌ലറ്റ് ബ്ലോക്ക്, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) എന്നിവ നടപ്പിലാക്കുന്നതിനായി കരാർ ആയിട്ടുണ്ട്. |
| (ഡി) | ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട വിനോദസഞ്ചാര മേഖലകളുടെ ഭാവിവികസനത്തിനായി ഏതെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | വിനോദ സഞ്ചാര മേഖലയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ വിനോദസഞ്ചാരികളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന ഇടുക്കി ഡാമിന്റെ പ്രതലത്തിൽ ലേസർ ഷോ പദ്ധതി, കുളമാവിന് സമീപം വടക്കേപ്പുഴയിൽ കുട്ടവഞ്ചി, കയാക്കിങ്, മനോഹരമായ പൂന്തോട്ടം, ചിൽഡ്രൻസ് പാർക്ക് എന്നിവയും തിരുവനന്തപുരം ജില്ലയിൽ വർക്കലയിൽ CIAL KWIL എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് വരുമാനം പങ്കിടൽ വ്യവസ്ഥയിൽ ചിലക്കൂർ ടണലിൽ 20 പേർക്ക് സഞ്ചരിക്കാവുന്ന ഇലക്ട്രിക് ബോട്ടിൽ ലൈറ്റ് ആൻഡ് സൗണ്ട് ഷോ പദ്ധതിയും, കഠിനംകുളം കായലിൽ 24 പേർക്ക് സഞ്ചരിക്കാവുന്ന സോളാർ ബോട്ടിംഗ് പദ്ധതിയും ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ